വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കുന്നതാണ്.

(6) കോഴിക്കോട് ജില്ലയിലെ ഞെളിയൻപറമ്പിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ്

ശ്രീ. എളമരം കരീം : സർ, കോഴിക്കോട് നഗരത്തിലുള്ള ഖരമാലിന്യങ്ങളെല്ലാം നിക്ഷേപിക്കുന്നത് തൊട്ടടുത്തുള്ള ചെറുവണ്ണൂർ പഞ്ചായത്തിലെ ഞെളിയൻപറമ്പ് എന്ന സ്ഥലത്ത് നാഷണൽ ഹൈവേയോട് ചേർന്ന സ്ഥലത്താണ്. ഈ സ്ഥലത്ത് കുന്നുകൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങളിൽനിന്നും ദുസ്സഹമായ ദുർഗന്ധവും മറ്റുള്ള ഉപദ്രവങ്ങളും പരിസരവാസികളുടെ ജീവിതം നരകതുല്യമാക്കിയിരിക്കുന്നു. മഴക്കാലമായാൽ മാലിന്യകൂമ്പാരങ്ങളിൽനിന്നും ഒലിച്ചിറങ്ങുന്ന മലിനജലം പരിസരത്തെ കിണറുകളിലും വഴികളിലും വന്നു നിറയുന്നു. പരിസരത്തുള്ള വീടുകളിൽ ഈച്ചകൾ വന്നു നിറയുന്നു. റോഡിലൂടെ യാത്ര ചെയ്യുന്നവർക്ക് മൂക്ക് പൊത്തിക്കൊണ്ടല്ലാതെ കടന്നുപോകാൻ സാധിക്കുകയില്ല. കോഴിക്കോട് നഗരത്തിലെ മാലിന്യങ്ങൾ നിക്ഷേപിക്കാൻ നിലവിലുള്ള സ്ഥലം തികച്ചും അപര്യാപ്തമാണ്. മറ്റൊരു സ്ഥലം കണ്ടെത്തൽ ഒട്ടും പ്രായോഗികവുമല്ല. ഈ സാഹചര്യത്തിലാണ് ഖരമാലിന്യങ്ങൾ സംസ്കരിക്കാനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ആലോചന വന്നത്. മറ്റ് ചില നഗരങ്ങളിൽ സ്ഥാപിച്ച സംസ്കരണ പ്ലാന്റ് വിജയകരമായി പ്രവർത്തിക്കുന്നു എന്നുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് എക്സെൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെക്കൊണ്ട് പ്ലാന്റ് സ്ഥാപിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചത്. ദിനംപ്രതി 300 ടൺ ഖരമാലിന്യങ്ങൾ സംസ്കരിക്കാൻ ശേഷിയുള്ള ഈ പ്ലാന്റിന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി തറക്കല്ലിടുകയും ചെയ്തു. എന്നാൽ ഈ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സാങ്കേതിക കാരണങ്ങളാൽ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ അനുമതി നിഷേധിച്ചു. ഇക്കാരണത്താൽ പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. തെളിയൻപറമ്പിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരായി പരിസരവാസികൾ ആക്ഷൻ കമ്മിറ്റി ഉണ്ടാക്കി പ്രക്ഷോഭത്തിലാണ്. മാലിന്യങ്ങൾ കയറ്റിച്ചെല്ലുന്ന വാഹനങ്ങൾ തടയാനും തീരുമാനിച്ചിരിക്കുകയാണ്. വളരെ ഗുരുതരമായ ഒരു പ്രശ്നമായി ഇത് മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ എക്സെൽ ഇൻഡസ്ട്രീസിനെക്കൊണ്ട് പ്ലാന്റ് സ്ഥാപിക്കാൻ അടിയന്തിരമായി അനുമതി ലഭിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കോഴിക്കോട് നഗരത്തിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് 300 ടി.പി.സി. കപ്പാസിറ്റിയുള്ള, മാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളമാക്കുന്ന എക്സൽ ഇൻഡസ്ട്രീസിന്റെ ഒരു പദ്ധതി മൂന്നുഘട്ടമായിട്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമെന്നു പറയുന്നത് ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നടത്തേണ്ട സിവിൾ പ്രവൃത്തികളാണ്. സിവിൾ പ്രവൃത്തിയുടെ ആദ്യ ഘട്ടമെന്നു പറയുന്നത് കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങളും ചണ്ടുകളും നീക്കുകയാണ്. അതിനുശേഷം പ്ലാന്റ് കെട്ടിടത്തിന് ആവശ്യമായിട്ടുള്ള ഫൗണ്ടേഷൻ പ്രവൃത്തിയുടെ പൈൽ ഫോർമേഷൻ നടത്തുകയാണ്. ഇതിനോടകം 88 പൈലുകൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരികയാണ്. രണ്ടാം ഘട്ടം മെഷീണറി സ്ഥാപിക്കുന്ന പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ആയതിലേയ്ക്കായി എക്സൽ ഇൻഡസ്ട്രീസുമായി ധാരണാപത്രം ഒപ്പുവച്ചുകഴിഞ്ഞു. അവർ നൽകിയ സ്ട്രക്ച്ചറൽ ഡിസൈൻ പ്രകാരമാണ് കെട്ടിടത്തിന്റെ പ്രവൃത്തി തുടങ്ങിയിട്ടുള്ളത്. കോഴിക്കോട് നഗരത്തിലെ മാലിന്യങ്ങൾ ഇപ്പോൾ നിക്ഷേപിക്കുന്ന തെളിയൻപറമ്പിലെ പരിസരത്തുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് നിർദ്ദിഷ്ട മാലിന്യങ്ങൾ സംസ്കരണ പ്ലാന്റിന്റെ മെഷീണറി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ എത്രയും വേഗം ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് കോർപ്പറേഷൻ കൈക്കൊണ്ടുവരുന്നു. ധനകാര്യവകുപ്പിന്റെ സാങ്കേതിക തടസ്സം നീക്കുന്നതിനുവേണ്ടി, കോർപ്പറേഷൻ പ്രതിനിധികൾ, തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി, വകുപ്പുസെക്രട്ടറി, ധനകാര്യവകുപ്പുമന്ത്രി, വകുപ്പുസെക്രട്ടറി തുടങ്ങി ഞങ്ങളെല്ലാപേരുംകൂടി ചർച്ച ചെയ്ത് അതിനുള്ള പോംവഴി കണ്ടെത്തിയിട്ടുണ്ട്. ഏതായാലും ഒരു തടസ്സവും കൂടാതെ കോഴിക്കോട് കോർപ്പറേഷൻ ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(7) കാലവർഷക്കെടുതിമൂലം കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം:

ശ്രീ. സത്യൻ മൊകേരി : സർ, കാലവർഷക്കെടുതിയിൽ കേരളത്തിലെ കൃഷിക്കാർ വളരെയധികം ദുരിതം അനുഭവിക്കുകയാണ്. കൃഷിക്കാർ നട്ടുപിടിപ്പിച്ചിട്ടുള്ള, അവരുടെ ജീവിതമാർഗ്ഗങ്ങളായിട്ടുള്ള വിളകൾ വളരെയധികം നഷ്ടപ്പെട്ടിരിക്കുന്നു. തെങ്ങ്, വാഴ, കുരുമുളക്, കപ്പ, നെല്ല് തുടങ്ങിയുള്ള കൃഷികൾ വ്യാപകമായി നശിച്ചിരിക്കുകയാണ്. ഇങ്ങനെ നാശം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് സമയത്ത് നഷ്ടപരിഹാരം കിട്ടാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് കൃഷിക്കാരാകെ പ്രയാസത്തിലാണ്. കാലവർഷക്കെടുതിയിൽ നഷ്ടം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് അവരുടെ വിളകളുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി സഹായങ്ങൾ നൽകേണ്ടതായിട്ടുണ്ട്. ഏപ്രിൽ-മേയ് മാസങ്ങളിൽ വേനൽക്കാല മഴ ഉണ്ടായിരുന്നു, കാറ്റും ഉണ്ടായിരുന്നു. ആ സമയത്ത് നഷ്ടം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് ഉൾപ്പെടെ അടിയന്തിര നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി ആവശ്യമായ പണം അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, തെക്കുപടിഞ്ഞാറൻ കാലവർഷമാണ് നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ ഏറ്റവും ശക്തിയായ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്.എന്നാൽ അതിനുമുമ്പ് വേനൽമഴ എന്ന നിലയ്ക്ക് കുറെ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. 4.2.1999 മുതൽ 24.5.1999 വരെ ഉണ്ടായ വേനൽമഴയെത്തുടർന്നുള്ള കാർഷിക നഷ്ടം ഏകദേശം 604.879 ലക്ഷം രൂപ എന്നാണ് ജില്ലകളിൽനിന്ന് കൃഷി ഡിപ്പാർട്ടുമെന്റും കളക്ടർമാരും അറിയിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ 100 ലക്ഷം, ആലപ്പുഴ ജില്ലയിൽ 162 ലക്ഷം, പത്തനംതിട്ട ജില്ലയിൽ 25 ലക്ഷം, തൃശ്ശൂർ ജില്ലയിൽ 267.55 ലക്ഷം, മലപ്പുറം ജില്ലയിൽ 99.57 ലക്ഷം, വയനാട് ജില്ലയിൽ 25 ലക്ഷം, അങ്ങനെ നഷ്ടപരിഹാരം കണക്കാക്കി അറിയിച്ചതിനെ തുടർന്ന് അങ്ങനെ ആവശ്യപ്പെട്ട ജില്ലകൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ ഏർപ്പാട് ചെയ്യുകയും തുക കൊടുക്കുകയും ചെയ്തു. 34.445 ലക്ഷം രൂപ മൂന്നു ജില്ലകൾക്കു കൊടുത്തു കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകൾ ആവശ്യപ്പെട്ടതനുസരിച്ച് സംഖ്യ കൊടുക്കുന്നതാണ്. വേനൽമഴയുടെ നാശനഷ്ടങ്ങളുടെ ഫണ്ടാണിത്. 1998-ലെ കാലവർഷത്തിലും ഇതുപോലെ ഓരോ പ്രദേശങ്ങളിലും ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി 847.13 ലക്ഷം രൂപ അനുവദിക്കുകയും കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly